ആരംഭിച്ച പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററിൽ അനേകം ക്യാൻസർ രോഗികൾ ശാന്തിയും സാന്ത്വനവും തേടി എത്തുന്നു. അനുദിനം വർദ്ധിച്ചു വരുന്ന ഈ രോഗികളിൽ ഭൂരിഭാഗം പേർക്കും രോഗശാന്തിയും സാന്ത്വനവും ഹോമിയോപ്പതി ചികിത്സയിലൂടെ ലഭിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഹോമിയോ/ആയുർവ്വേദ ചികിത്സാരീതിയിലുള്ള സാന്ത്വന പരിചരണ കേന്ദ്രങ്ങൾ തുടർന്നും അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം

2(4285) ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചു; അവ ഏതെല്ലാം;

(ബി) എൻ.എ.ബി.എച്ച്. അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളെയും എൻ.എ.ബി.എച്ച്. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 6 ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചു.

1. ജനറൽ ആശുപത്രി, എറണാകുളം
2. ചേർത്തല താലൂക്ക് ആശുപത്രി
3. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈക്കാട്, തിരുവനന്തപുരം
4. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട്
5. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
6. ഐക്കോൺസ്, ഷൊർണ്ണൂർ, പാലക്കാട്.

ഇതുകൂടാതെ ബ്ലഡ് ബാങ്ക്, ആലുവയ്ക്കും നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് (എൻ.എ.ബി.എച്ച്.)-ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ചിട്ടുള്ള നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് (എൻ.എ.ബി.എച്ച്.) രേഖപ്പെടുത്തിയിട്ടുള്ള 636 മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഹോസ്പിറ്റലുകൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ ദേശീയ അംഗീകാരം നൽകുന്നത്.

താഴെപ്പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തിയതിന് ശേഷമാണ് ഈ ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചത്.

* അക്രഡിറ്റേഷൻ നൽകുന്നതിന്റെ ഭാഗമായി ആശുപത്രികളിലെ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകി.

* രോഗികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനായി ആശുപത്രികളുടെ ലേ ഔട്ട്, സൈനേജ് ബോർഡുകൾ സ്ഥാപിച്ചു.

* ആശുപത്രിയുടെ പൂർണ്ണ വിവരം അടങ്ങുന്ന മാർഗ്ഗദർശികൾ സ്ഥാപിച്ചു.

* രോഗികളുടെ അവകാശങ്ങളും പാലിക്കേണ്ട കടമകളും പ്രദർശിപ്പിക്കാനുള്ള സംവിധാനം

* ടോക്കൺ സിസ്റ്റം നടപ്പിലാക്കി

* ഒ.പി. യുടെയും അത്യാഹിത വിഭാഗത്തിന്റെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി.

* ഒ.പി. വിഭാഗത്തിൽ രോഗികൾക്ക് വിശ്രമസ്ഥലം

* രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം നൽകുന്നതിന് നടപടി സ്വീകരിച്ചു

* വീൽചെയറുകളും ട്രോളി തുടങ്ങിയവയും രോഗികളുടെ ആവശ്യത്തിനായി സജ്ജമാക്കി.

* രോഗികൾക്ക് വീൽ ചെയറുകളും ട്രോളിയും സേഫ്റ്റി ബെൽറ്റ് കൊണ്ട് സുരക്ഷിതമായി സജ്ജീകരിച്ചിരിക്കുന്നു.

* അത്യാഹിത വിഭാഗം അല്ലാപോലെ ഒ.പി. എന്നിവയുടെ പ്രവേശന കവാടങ്ങൾ വീൽ ചെയറും ട്രോളിയും അനായാസം കൈകാര്യം ചെയ്യാൻ തക്കവണ്ണം സജ്ജീകരിച്ചു.

* അത്യാഹിത വിഭാഗത്തിലുള്ള രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്നു.

* ദുരന്തനിവാരണ നിയന്ത്രണത്തിന് പരിശീലനം ജീവനക്കാർക്ക് നൽകി.

LIBRARY ARCHIVES Kerala Legislative Assembly

* മുലയൂട്ടുന്ന അമ്മമാർക്കുവേണ്ടി അവരുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന പ്രത്യേക മുറികൾ തയ്യാറാക്കി.

* ആശുപത്രികളിലെ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി.

* രോഗികൾക്കായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ രോഗാണു വിമുക്തമാക്കിയ ശേഷം മാത്രമേ ഉപയോഗിക്കാവൂള്ളൂ എന്ന് ഉറപ്പുവരുത്തുന്നു.

* ജൈവ മാലിന്യങ്ങളും അല്ലാതെയുമുള്ള മാലിന്യങ്ങളും വേർതിരിച്ച് നീക്കം ചെയ്യുകയും നിയമം അനുശാസിക്കുന്ന രീതിയിൽ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യുന്നു.

* ബയോമെഡിക്കൽ മാലിന്യങ്ങൾ കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന പ്രകാരം നിർമ്മാർജ്ജനം ചെയ്യു.

* രോഗീപരിചരണ വിഭാഗങ്ങളിൽ എൽബോടാപ്പുകൾ സ്ഥാപിച്ചു

* രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും വേണ്ട സുരക്ഷാ നടപടികൾ സ്വീകരിച്ചു.

* പദ്ധതി പ്രകാരം രോഗികൾക്ക് ശരിയായ രീതിയിലുള്ള ചികിത്സാ സൗകര്യം സമയബന്ധിതമായി ആവിഷ്കരിച്ചു വരുന്നു.

* ശരിയായ രീതിയിലുള്ള രോഗീപരിചരണം, മരുന്നു വിതരണം എന്നിവ നടപ്പിലാക്കി.

* ലബോറട്ടറി പരിശോധനകളുടെ കൃത്യത ഉറപ്പു വരുത്തി.

* ലാബുകളിൽ രോഗിയുടെ രക്തം സ്വീകരിക്കുന്നത് മുതൽ റിസൾട്ട് കൊടുക്കുന്നതു വരെയുള്ള എല്ലാ പ്രക്രിയകളും ഒരു ചിട്ടപ്പെടുത്തിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചെയ്തു വരുന്നു.

* ലബോറട്ടറിയിൽ ലഭ്യമാകുന്ന എല്ലാ സേവനങ്ങളും വിലനിലവാരവും ലാബിന്റെ മുൻഭാഗത്ത് പ്രദർശിപ്പിച്ചു.

* എല്ലാ രോഗനിർണ്ണയ ഉപകരണങ്ങളും കാലിബ്രേഷൻ നടത്തി.

* ഇതുകൂടാതെ ആശുപത്രികളിൽ അറ്റകുറ്റപ്പണികൾ നടത്തി. ആശുപത്രി കെട്ടിടങ്ങൾ നവീകരിച്ചു.

* കേടായ ഉപകരണങ്ങൾ നന്നാക്കി.

LIBRARY ARCHIVES Kerala Legislative Assembly

* അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചു.

* രോഗികളുടെ റെക്കോർഡുകൾ സൂക്ഷിക്കാനുള്ള സംവിധാനം.

* ഓരോ ജീവനക്കാർക്കും പ്രത്യേകം പേഴ്സണൽ റെക്കോർഡുകൾ തയ്യാറാക്കി.

* മരുന്നുകളുടെ കൃത്യമായ ഉപയോഗം ഉറപ്പാക്കുന്നതിനായി ഡ്രഗ്ഫോർമുലറി, ചികിത്സാ ക്രമം രേഖപ്പെടുത്തിയ പ്രോട്ടോകോൾ രൂപീകരിച്ചു.

* പേരുകളിലും രൂപത്തിലും സാദൃശ്യം പുലർത്തുന്നതായ മരുന്നുകൾ തരംതിരിച്ച് ക്രമീകരിച്ചിരിക്കുന്നു.

* ഫ്രിഡ്ജിന്റെ താപനില അളന്ന് ശരിയായ പ്രവർത്തനം ആണോയെന്ന് വിലയിരുത്തുന്നു.

* അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നു.

* വാർഡുകളിലും ഫാർമസിയിലും മരുന്നുകൾ പ്രത്യേകം തയ്യാറാക്കിയ കണ്ടയ്നറുകളിൽ സൂക്ഷിച്ചിരിക്കുന്നു.

* ഫാർമസിയിൽ ശുചിത്വവും വായുസഞ്ചാരം ഉള്ളതുമായ അറകളിൽ മരുന്നുകൾ സൂക്ഷിച്ചിരിക്കുന്നു.

* നാർക്കോട്ടിക്ക് മരുന്നുകൾ ദുരുപയോഗം ചെയ്യാത്ത രീതിയിൽ സുരക്ഷിതമായി ക്രമീകരിച്ചിരിക്കുന്നു.

* മരുന്നുകളുടെ പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കി.

* രോഗികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് ആശുപത്രികളിൽ മേൽ നടപടികൾ സ്വീകരിച്ചു വരുന്നു.

*ഗുണനിലവാര പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി തുടർച്ചയായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മേൽനോട്ടം നടത്തിവരുന്നു.

* പൗരാവകാശ രേഖയുടെ പകർപ്പ് ആശുപത്രിയുടെ പ്രധാന ഭാഗങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്നു.

* എല്ലാ ജീവനക്കാർക്കും തുടർ പരിശീലനം നടപ്പിലാക്കി.

* കൂടാതെ ദേശീയ ആരോഗ്യ പദ്ധതികൾ കൃത്യമായി നടപ്പിലാക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാലും അക്രഡിറ്റേഷന് കൂടുതൽ സമയം ആവശ്യമായതിനാലും ഈ പദ്ധതി എല്ലാ സർക്കാർ ആശുപത്രികളിലും നടപ്പാക്കാൻ കഴിയില്ല. എന്നാൽ കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസും (കെ.എ.എസ്.എച്ച്.) കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നാഷണൽ സ്റ്റാൻഡേർഡ് സർട്ടിഫിക്കേഷൻ പദ്ധതിയും കൂടുതൽ സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നവജാത ശിശുക്കളുടെ ജനിതക വൈകല്യ പരിശോധന

3 (4286) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ രക്ത സാമ്പിളുകൾ ശേഖരിക്കാനുള്ള സാമ്പിൾ കളക്ഷൻ ഫോമും പരിശോധനാ കിറ്റുകളും ലഭ്യമല്ലാത്തതിനാൽ നിലവിൽ നവജാത ശിശുക്കളുടെ ജനിതക വൈകല്യ പരിശോധന സംസ്ഥാന വ്യാപകമായി മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നവജാത ശിശുക്കളിലെ ഏതെല്ലാം ജനിതക വൈകല്യങ്ങൾ കണ്ടെത്താനാണ് സൗജന്യ പരിശോധന സർക്കാർ ആശുപത്രികളിൽ നൽകുന്നത്; ഇത്തരത്തിൽ ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ എത്ര നവജാത ശിശുക്കൾക്ക് ഇത്തരത്തിലുള്ള പരിശോധന നടത്തുകയുണ്ടായി; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുള്ള പരിശോധനാ കിറ്റുകൾ വാങ്ങി ആരോഗ്യവകുപ്പിന് നൽകാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ വന്നതിനുശേഷം എത്ര തുക പ്രസ്തുത ഏജൻസിക്ക് നൽകിയെന്ന വിവരം വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇവർക്കെതിരെ എന്ത നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) നവജാത ശിശുക്കളുടെ ജനിതക വൈകല്യ പരിശോധന മുടങ്ങാൻ കാരണവും, ഇത്തരത്തിൽ ശിശുക്കളോടുള്ള ക്രൂരത കാട്ടിയതും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly